**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഭാഷാന്യൂനപക്ഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഭാഷാന്യൂനപക്ഷങ്ങളുണ്ട്; ഇവർ ഏതെല്ലാം ന്യൂനപക്ഷ ഭാഷ വിഭാഗക്കാർ ആണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ തമിഴ്, കന്നഡ എന്നീ ഭാഷകളെയാണ് ന്യൂനപക്ഷ ഭാഷകളായി അംഗീകരിച്ചിട്ടുള്ളത്. 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ തമിഴ്, കന്നഡ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്. ജില്ല തമിഴ് കന്നഡ തിരുവനന്തപുരം 38814 1013 കൊല്ലം 16546 175 പത്തനംതിട്ട 6910 131 ആലപ്പുഴ 5372 312 കോട്ടയം 12537 308 ഇടുക്കി 193841 1750 എറണാകുളം 30965 1943 തൃശ്ശൂർ 15565 2932 പാലക്കാട് 139058 5067 മലപ്പുറം 10567 1178 കോഴിക്കോട് 10506 1364 വയനാട് 9380 13175 കണ്ണൂർ 8141 2384 കാസർഗോഡ് 4314 55263 ------------ ------ -------- ആകെ 502516 86995 |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളെ പുതുതായി ചേർത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്; വിശദമാക്കാമോ; | (സി) | ഭരണഘടനാപരമായി ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ്:- ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേയ്ക്കായി, ഒരു താലൂക്കിലെ ഓരോ മുനിസിപ്പൽ ടൗണിനെയും അല്ലെങ്കിൽ നോൺ മുനിസിപ്പൽ ഏരിയയെയും ഒരു പ്രത്യേക ലോക്കൽ ഏരിയ ആയി പരിഗണിക്കേണ്ടതാണെന്നും അത്തരം ലോക്കൽ ഏരിയകളിൽ 15 ശതമാനമോ അതിലധികമോ ജനങ്ങൾ സംസ്ഥാനത്തെ ഭൂരിപക്ഷ ഭാഷയായ മലയാളം അല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നുവെങ്കിൽ അത്തരം ലോക്കൽ |

ഏരിയകളിൽ താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കേ ണ്ടതുമാണ്. 1) എല്ലാ പ്രധാനപ്പെട്ട സർക്കാർ നോട്ടീസുകൾ, ചട്ടങ്ങൾ, തെരഞ്ഞെടുപ്പ് വോട്ടർപ്പട്ടികകൾ മുതലായവ ന്യൂനപക്ഷ ഭാഷകളിൽ പ്രസിദ്ധീകരിയ്ക്കേണ്ടതാണ്. 2) പൊതുജനങ്ങൾ ഉപയോഗിക്കേണ്ടതായ അപേക്ഷാഫോറങ്ങൾ മുതലായവ പ്രാദേശിക ഭാഷയിലും ന്യൂനപക്ഷ ഭാഷയിലും അച്ചടിയ്ക്കേണ്ടതാണ്. 3) രേഖകളുടെ രജിസ്ട്രേഷൻ ന്യൂനപക്ഷ ഭാഷകളിൽ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്. 4) സർക്കാർ ഓഫീസുകളുമായുള്ള കത്തിടപാടുകൾ ന്യൂനപക്ഷ ഭാഷയിൽ നടത്തുന്നതിന് അനുവദിയ്ക്കേണ്ടതാണ്. 5) പ്രസ്തുത ഏരിയകളിലെ കോടതികളിൽ ന്യൂനപക്ഷ ഭാഷയിൽ രേഖകൾ സമർപ്പിയ്ക്കുന്നതിനുള്ള അനുവാദം നൽകേണ്ടതാണ്. 6) പ്രായോഗികമായിടത്തോളം, ഭരണപരമായ സൗകര്യങ്ങൾ പരിഗണിച്ച്, പ്രസ്തുത ലോക്കൽ ഏരിയകളിൽ ജോലിയ്ക്കായി നിയമിക്കപ്പെടുന്ന ഓഫീസർമാർ ന്യൂനപക്ഷ ഭാഷയിൽ മതിയായ അറിവ് ഉള്ളവരാണെന്ന് ഉറപ്പുവരുത്താനുള്ള ശ്രമം നടത്തേണ്ടതാണ്. ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കന്ററിതല വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽ തന്നെ നൽകി വരുന്നുണ്ട്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 10(aaaa) പ്രകാരം, മലയാളം അല്ലാത്ത മറ്റൊരു ഭാഷയിൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും ഏതെങ്കിലും സർവ്വീസിലേയ്ക്ക് നിയമനം ലഭിക്കുകയും ചെയ്യുന്ന ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ 31.03.1966 ലെ G.O(Ms)No. 142/PD നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മലയാളം ഭാഷാ പരീക്ഷ, ജോലിയിൽ പ്രവേശിച്ച് പരമാവധി 10 വർഷത്തിനുള്ളിൽ പാസായാൽ മതിയാകുന്നതാണ്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവിധ കോളേജുകളിലും വിവിധ ഹയർസെക്കന്ററി സ്കൂളുകളിലും ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി 5% സംവരണം അനുവദിച്ചിട്ടുണ്ട്. ഭാഷാന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ സുരക്ഷാ മാർഗ്ഗങ്ങൾ (safeguards) നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷാന്യൂനപക്ഷ സമിതി രൂപീകരിക്കുന്നതിന് 16/10/2002 ലെ G.O(Rt)No.6324/2002/GAD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഭാഷാന്യൂനപക്ഷ സമിതിയും നിലവിലുണ്ട്.<br>കെ.എസ്.&എസ്.എസ്.ആർ ഭാഗം-II ചട്ടം- 9(d) പ്രകാരം ഒരു തസ്തികയിലെ ഒഴിവിലേയ്ക്ക് ഏതെങ്കിലും ഒരു പ്രാദേശികഭാഷാ പരിജ്ഞാനം ആവശ്യമുണ്ടെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് പ്രാദേശികഭാഷാജ്ഞാനമില്ലാത്ത സീനിയറിനെ മറികടന്ന് പ്രസ്തുത പ്രാദേശികഭാഷ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ബോധന മാധ്യമമായി പഠിച്ചിട്ടുള്ളതും ചട്ടപ്രകാരം ആവശ്യമായ യോഗ്യതകളുള്ളതുമായ ജൂനിയറിനെ താൽക്കാലികമായി നിയമിക്കാവുന്നതാണ്.<br>കേരളത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 04.12.2017ലെ സ.ഉ.(കൈ)നം. 362/2017/ പൊ.ഭ.വ. പ്രകാരം ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്.<br>എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-05-1977 ലെ G.O.(P)No.139/77/GAD ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് 26-10-2019 ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പുതുതായി എന്തെല്ലാം സഹായങ്ങളാണ് ഇത്തരം വിഭാഗങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്; അത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നറിയിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

| ജില്ല | തമിഴ് | കന്നഡ |
|---|---|---|
| തിരുവനന്തപുരം | 38814 | 1013 |
| കൊല്ലം | 16546 | 175 |
| പത്തനംതിട്ട | 6910 | 131 |
| ആലപ്പുഴ | 5372 | 312 |
| കോട്ടയം | 12537 | 308 |
| ഇടുക്കി | 193841 | 1750 |
| എറണാകുളം | 30965 | 1943 |
| തൃശ്ശൂർ | 15565 | 2932 |
| പാലക്കാട് | 139058 | 5067 |
| മലപ്പുറം | 10567 | 1178 |
| കോഴിക്കോട് | 10506 | 1364 |
| വയനാട് | 9380 | 13175 |
| കണ്ണൂർ | 8141 | 2384 |
| കാസർഗോഡ് | 4314 | 55263 |
| **ആകെ** | **502516** | **86995** |